"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ലീഗൽ അഡ്വൈസറുടെ കരാർ കാലാവധി വ്യവസ്ഥകളോടുകൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1776/2025/LSGD തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. 28.02.2016-ലെ സ.ഉ (പി ) നം.28/2016/ധന
2. 28.04.2017-ലെ സ.ഉ (പി ) നം 56/2017/ധന
3. 21.07.2018-ലെ സ.ഉ (പി ) നം 112/2018/ധന
4. 04.04.2020-ലെ സ.ഉ (സാധാ) നം.735/2020/തസ്വഭവ
5. 28.12.2020-ലെ സ.ഉ (സാധാ) നം.2439/2020/തസ്വഭവ
6. 12.07.2021-ലെ സ.ഉ (സാധാ) നം. 1317/2021/ തസ്വഭവ
7. 10.06.2024-ലെ സ.ഉ (സാധാ) നം. 1009/2024/തസ്വഭവ
8. 13.01.2025-ലെ സ.ഉ (സാധാ) നം. 121/2025/ തസ്വഭവ
9. 23/3/2025, 02/06/2025 തീയതികളിലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 3741/ജി.3/2017/ജിസിഡിഎ നമ്പർ കത്തുകൾ

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ലീഗൽ അഡ്വൈസറായി 2017 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. പി.വി. ഉദയൻ, അഡ്വക്കേറ്റിന്റെ കരാർ കാലാവധി പരാമർശം (4) മുതൽ (8) വരെ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചു നല്കുകയുണ്ടായി.

2. ശ്രീ.ഉദയൻ പി.വി.-യുടെ കരാർ കാലാവധി 12/05/2025-ൽ തീരുന്ന സാഹചര്യത്തിലും അതോറിറ്റിയിൽ നിയമ വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് പരിചയമുള്ളവരുടെ അഭാവവും കേസുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും പരിഗണിച്ച് ടിയാന്റെ കരാർ കാലാവധി 13/05/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം കത്ത് പ്രകാരം ജിസിഡിഎ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ലീഗൽ അഡ്വൈസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഉദയൻ പി.വി.യ്ക്ക് ഒരു വർഷത്തേയ്ക്കോ അതോ അതോറിറ്റിയിൽ ലീഗൽ ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നത് വരെയോ ഏതാണോ ആദ്യം ആയതുവരെ പരാമർശം (1), (2), (3) എന്നിവയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കരാർ

കാലാവധി 14.05.2025 മുതൽ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി , വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 18-07-2025 17:09:37
സെക്ഷൻ ഓഫീസർ